നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഉദ്ഘാടനം ജനുവരിയിൽ നടക്കും. കോഴിക്കോട്, തിരുവല്ല, തിരുവനന്തപുരം സെൻട്രൽ എന്നിവിടങ്ങളിൽ പണി ആരംഭിച്ച് പുരോഗതിയിലാണ്.

(ഡി) കെ.എസ്.ആർ.ടി.സി.ക്ക് 2001-02 മുതൽ നാളിതുവരെ 1526.54 കോടി രൂപ നൽകിയിട്ടുണ്ട്.

(ഇ) കെ.ടി.ഡി.എഫ്.സി.യുടെ ഫൈനലൈസ് ചെയ്ത അക്കൗണ്ടുകൾ പ്രകാരം 2007-08 സാമ്പത്തിക വർഷം ഒഴികെ മറ്റെല്ലാ വർഷങ്ങളിലും കെ.ടി.ഡി.എഫ്.സി. ലാഭത്തിലാണ്.

അർബുദരോഗ ചികിത്സാ സൗകര്യങ്ങൾ

ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീ. പി. വിശ്വൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർബുദരോഗ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ക്യാൻസർ രോഗനിർണ്ണയത്തിന് കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുമോ ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ക്യാൻസർ രോഗത്തിന് ഗവേഷണവും ചികിത്സാ സൗകര്യമുള്ളത് ;

(ഡി) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് ;

(ഇ) റീജിയണൽ ക്യാൻസർ സെന്ററിലെ തിരക്ക് കുറയ്ക്കുന്നതിന് എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ,

(എ) റീജിയണൽ കാൻസർ സെന്ററിൽ അർബുദരോഗ ചികിത്സക്ക് ആവശ്യമായ ഒട്ടുമിക്ക രോഗ നിർണ്ണയ ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അത്യാധുനികവും, സാങ്കേതികമികവുമുള്ള എം.ആർ.സ്കാനർ, സി.റ്റി.സ്കാൻ മെഷീനുകൾ, അൾട്രാസോണോഗ്രാഫി മെഷീനുകൾ, ബോൺ സ്കാനർ, റേഡിയോ തെറാപ്പി മെഷീനുകൾ,

LIBRARY ARCHIVES Kerala Legislative Assembly

മൈക്രോവാസ്ക്കുലാർ ടിഷ്യൂ ട്രാൻസ്ഫർ ഉൾപ്പെടെയുള്ള ആധുനിക ശസ്ത്രക്രിയ സംവിധാനങ്ങൾ എന്നിവ ആർ.സി.സി.യിൽ നിലവിലുണ്ട്. ആധുനിക രീതിയിലുള്ള ബ്ലഡ് ബാങ്ക്, മജ്ജ മാറ്റിവയ്ക്കൽ സംവിധാനം, ആധുനിക സംവിധാനങ്ങളോടുകൂടിയ ലാബുകൾ കൂടാതെ പുതുതായി ഒരു മൈക്രോ ബയോളജി സംവിധാനവും ആർ.സി.സി.യിലുണ്ട്. ദൂരസ്ഥലങ്ങളിൽ നിന്നും എത്തുന്ന രോഗികൾക്ക് അവരുടെ തുടർ ചികിത്സക്ക് ഒരു ടെലിമെഡിസിൻ ശൃംഖല ആർ.സി.സി. യുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു.

മലബാർ കാൻസർ സെന്ററിൽ അർബുദരോഗ ചികിത്സക്കുള്ള കീമോതെറാപ്പി, റേഡിയോതെറാപ്പി, സർജറി, സാന്ത്വന ചികിത്സാ വിഭാഗം, കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം എന്നിവ പ്രവർത്തിച്ചുവരുന്നു. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും അർബുദ രോഗ ചികിത്സക്ക് മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും മെച്ചപ്പെട്ട റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്നതിനായി കോട്ടയം മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലേറ്റർ എന്ന ഉപകരണം ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിലും ഈ ഉപകരണം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എല്ലാ ജില്ലാ/ജനറൽ/ഡബ്ല്യു.ആന്റ് സി ആശുപത്രികളിലും ചില താലൂക്ക് ആശുപത്രികളിലും വിവിധ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകളുടെ ഭാഗമായി കാൻസർ രോഗനിർണ്ണയവും, സർജിക്കൽ ചികിത്സകളും നടന്നുവരുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ റേഡിയോതെറാപ്പി ചികിത്സക്കുള്ള സൗകര്യമുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്ത് പാലക്കാട് കഞ്ചിക്കോടും കൊച്ചിയിലെ കളമശ്ശേരിയിലെ നീണ്ടകര, കണ്ണൂർ മലബാർ കാൻസർ കെയർ സൊസൈറ്റിയുടെ ഭാഗമായി പ്രവൃത്തിക്കുന്ന ഇ.സി.സി.ഡി.യിലും പത്തനംതിട്ട ജില്ലാ ആശുപത്രിയിലും മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(സി) ആർ.സി.സി.കൂടാതെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, അമല കാൻസർ റിസർച്ച് സെന്റർ, തൃശ്ശൂർ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കൊച്ചി, മലബാർ കാൻസർ സെന്റർ, തലശ്ശേരി എന്നിവിടങ്ങളിൽ കാൻസർ ഗവേഷണം നടക്കുന്നുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും എം.സി.സി, ആർ.സി.സി. അമല കാൻസർ റിസർച്ച് സെന്റർ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, പരിയാരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലും കാൻസർ രോഗ ചികിത്സക്കുള്ള സൗകര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റീജിയണൽ കാൻസർ സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ സ്ഥലപരിമിതിക്ക് പരിഹാരം കാണുന്നതിനായി ഒരു പത്ത്നില കെട്ടിടത്തിന്റെ പണി പുരോഗമിച്ചുവരുന്നു. എക്സ്റേ യൂണിറ്റിന്റെ ഡിജിറ്റലൈസേഷൻ, ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റ്, പിക്ചർ ആർക്കൈവൽ ആന്റ് കമ്മ്യൂണിക്കേഷൻ സിസ്റ്റം(PACS) എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. രണ്ട് ലീനിയർ ആക്സിലേറ്ററുകൾ വാങ്ങിയതിൽ ഒരെണ്ണം കമ്മീഷൻ ചെയ്തു. മറ്റൊരെണ്ണം കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റേഡിയോതെറാപ്പി നെറ്റ് വർക്കിംഗ് സംവിധാനവും ആർ.സി.സിയിലുണ്ട്. ലാബുകളുടെ നവീകരണവും സ്ത്രീകളിലുണ്ടാകുന്ന കാൻസർ ചികിത്സക്ക് പ്രാധാന്യം കൊടുത്ത് മാമോഗ്രാം, കോൾപ്പോസ് സ്കോപ്പ് എന്നിവ സ്ഥാപിക്കുന്നതിനും ബ്രാക്കിതെറാപ്പിയൂണിറ്റ് അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ഇ) എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും വിദഗ്ദ്ധ ചികിത്സാ സൗകര്യമൊരുക്കിയിട്ടുണ്ട്. ജില്ലാ/ജനറൽ/ഡബ്ബ്യൂ.ആന്റ്.സി. ആശുപത്രികളിലും ചില താലൂക്ക് ആശുപത്രികളിലും പരിമിതമായ താലൂക്ക് ആശുപത്രികളിലും പരിമിതമായ തോതിൽ ക്യാൻസർ രോഗനിർണ്ണയവും സർജിക്കൽ ചികിത്സകളും നടന്നുവരുന്നു.

കെ.എസ്.ടി.പി. ഒന്നാംഘട്ട പ്രവർത്തനങ്ങൾ

7(*217) ശ്രീ. എം. എ. വാഹീദ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. യുടെ ഒന്നാംഘട്ടം ഇനിയും പൂർണ്ണമായും പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന എത്രൊക്കെ പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഒന്നാംഘട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനാകാത്തതുമൂലം ഈ പദ്ധതിക്കായി സംസ്ഥാന സർക്കാരിന് എത്ര കോടി രൂപയുടെ അധികബാദ്ധ്യത ഉണ്ടായിട്ടുണ്ട് എന്നറിയിക്കുമോ ;

(ഡി) ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly